Draft #23 of File 38100/FC C-5/2022/FCC S Approved by Registrar on 07-Mar-2025 02:13 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 38100/FC C-5/2022/FCC S

തീയതി: 07.03.2025
പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- 2025-26 സാമ്പത്തിക വർഷത്തിലെ ആദായ നികുതി കണക്കുകളുടെ സമർപ്പണം(പ്രതീക്ഷിതം)-സ്രോതസ്സിൽ നിന്നും നികുതി കിഴിവ് നടത്തുന്നത് സംബന്ധിച്ച്.

സൂചന :- കേന്ദ്ര സർക്കാരിന്റെ 2025 യൂണിയൻ ബജറ്റിലെ പരാമർശങ്ങൾ.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എല്ലാ സ്ഥിര അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരും തങ്ങളുടെ 2025-26 സാമ്പത്തിക വർഷത്തിലെ പ്രതീക്ഷിത വരുമാന കണ ക്കുകൾ 2025 മാർച്ച് 20 തീയതിക്കകം എഫ് സി സി സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

**2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ ലഭിക്കാനിടയുള്ള ശമ്പളം, ശമ്പള കുടിശ്ശിക, ക്ഷാമബത്ത കുടിശ്ശിക, മറ്റേതെങ്കിലും ഇനത്തിൽ 2025-26 സാമ്പത്തികവർഷം ജീവനക്കാരുടെ പി എഫ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന തുക, പി എഫ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന അഞ്ച് ലക്ഷത്തിന് മേൽ വരുന്ന തുകയുടെ പലിശ, മറ്റേതെങ്കിലും ഇനത്തിൽ ലഭിക്കാനിടയുള്ള തുക** എന്നിവയാണ് കണക്കുകൾ തയാറാക്കുമ്പോൾ ഉൾപ്പെടുത്തേണ്ടത്.

## <u>ആദായ നികുതി കണക്കുകളുടെ സമർപ്പണവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

- എല്ലാ സ്ഥിര അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരും നിർബന്ധമായും PAN നേടിയിരിക്കേണ്ടതാണ് .നാളിതു വരെ PAN ന്റെ പകർപ്പ് എഫ് സി സി ,അക്കൗണ്ട്സ് III എന്നീ സെക്ഷനുകളിൽ സമർപ്പിക്കാത്തവരിൽ നിന്നും ആദായ നികുതി നിയമം 206AA വകുപ്പ് പ്രകാരം ശമ്പളത്തിന്റെ 20% ശതമാനം ആദായ നികുതി ഇനത്തിൽ സ്വമേധയാ കിഴിവ് ചെയ്യുന്ന തായിരിക്കും.
- ആദായനികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന കണക്കുകൾ കൃത്യതയുള്ളതും അനുബന്ധമായി സമർപ്പിക്കുന്ന രേഖകൾക്ക് നിയമ സാധുത ഉണ്ടായിരിക്കേണ്ടതുമാണ്.
- ആദായ നികുതി വകുപ്പ് രണ്ടു രീതിയിൽ കണക്കുകൾ സമർപ്പിക്കുവാൻ നികുതിദായകർക്ക് അനുവാദം നൽകിയിട്ടുണ്ട്.

1) **പുതിയ നികുതി ഘടന**(NEW TAX REGIME) (2025 ഫിനാൻസ് ആക്ട് റൂൾ 202 പ്രകാരം) -പ്രതിവർഷ വരുമാനം **4 ലക്ഷം രൂപ** വരെയുള്ള ശമ്പള ജീവനക്കാരൻ നികുതി നൽകേണ്ടതില്ല.

2)**പഴയ നികുതി ഘടന**(OLD TAX REGIME) (2019 ഫിനാൻസ് ആക്ട് പ്രകാരം ) - പ്രതിവർഷ വരുമാനം **2.5 ലക്ഷം രൂപ** വരെയുള്ള ശമ്പള ജീവനക്കാരൻ നികുതി നൽകേണ്ടതില്ല. ഈ ഘടനയിൽ നികുതി ഇളവിനുവേണ്ടി വിവിധ കിഴിവുകൾ നികുതിദായകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

എല്ലാ സ്ഥിര അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരും ഇതിൽ ഏതെങ്കിലും ഒരു നികുതി ഘടന മാത്രം തിരഞ്ഞെടുക്കേണ്ടതും അതിനായുള്ള പ്രത്യേക സാക്ഷ്യ പത്രത്തിൽ മാത്രം കണക്കുകൾ നൽകേണ്ടതുമാണ്. സാക്ഷ്യ പത്രങ്ങളുടെ പകർപ്പ് എം ജി സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്(www.mgu.ac.in).

**പുതിയ നികുതി ഘടനയിൽ സെക്ഷൻ 87A പ്രകാരം മാർജിനൽ റിലീഫ് അവകാശപ്പെടുന്ന ജീവനക്കാർ നൽകുന്ന കണക്കുകൾ ആധികാരികതയു ള്ളതും സമ്പൂർണ്ണവും കൃത്യവുമായിരിക്കണം.അല്ലാത്തപക്ഷം നികുതി സമർപ്പണ വേളയിൽ . ഉയർന്ന തോതിലുള്ള നികുതി ഒടുക്കേണ്ടിവരും.**

ഭവന നിർമ്മാണ വായ്പ കിഴിവുകൾ ആവശ്യമുള്ളവർ അംഗീകൃത വായ്പകളുടെ തിരിച്ചടവിന്റെയും, പലിശയുടെയും വേർതിരിച്ച കണ ക്കുകൾ വായ്പ നൽകിയ സ്ഥാപനത്തിൽ നിന്നും വാങ്ങി നികുതി കണ ക്കുകളോടൊപ്പം സമർപ്പിക്കേണ്ടതാണ്.

നികുതിദായകന് ഗൃഹത്തിൻ മേലുള്ള അവകാശം സ്ഥാപിക്കുന്നതിനുള്ള രേഖകളും **(തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കിയ കെട്ടിട നികുതി രശീതി പകർപ്പ്/ ഉടമസ്ഥാവകാശ സാക്ഷ്യ പത്രം /വീടിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്)** ഇതിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. വായ്പ നൽകിയ സ്ഥാപനത്തിന്റെ വിവരങ്ങൾ PAN സഹിതം കണക്കുകളോടൊപ്പം നിർബന്ധമായും നൽകേണ്ടതാണ്. കൂടാതെ സംയോജിത ലോൺ ആണെങ്കിൽ പലിശയുടെയും മുതലിന്റെയും പകുതിതുക മാത്രമേ യോഗ്യമായ കിഴിവ് ഇനത്തിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ.

**പ്രതീക്ഷിതനികുതി കണക്കാക്കുന്നതിനുവേണ്ടി സാക്ഷ്യപത്രത്തിനോടൊപ്പം മുൻ സാമ്പത്തിക വർഷത്തെ രേഖകൾ സമർപ്പിച്ചാൽ മതിയാകുന്നതാണ്.**

**നിർദിഷ്ട തീയതിക്കകം പ്രതീക്ഷിത ആദായ നികുതി സാക്ഷ്യ പത്രം രേഖകൾ സഹിതം സമർപ്പിക്കാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും, ജീവനക്കാരുടെ വേതന - സേവന ആനുകൂല്യത്തിൽ സർക്കാർ മാറ്റം വരുത്തുന്ന മുറയ്ക്ക് പുതുക്കിയ ആദായ നികുതി സാക്ഷ്യ പത്രം സമർപ്പിക്കാത്ത പക്ഷവും ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം ആദായ നികുതി കിഴിവ് ചെയ്യുന്നതാണ്.**

| പ്രതിമാസ ആദായനികുതി കിഴിവ് പട്ടിക 2025 -2026 | | |
|---|---|---|
| ക്രമ നമ്പർ | പ്രതിമാസ മൊത്ത ശമ്പളം | പ്രതിമാസം ഈടാക്കേണ്ട ആദായ നികുതി |
| 1 | 98000 വരെ | 0 |
| 2 | 98001-110000 | 4000 |
| 3 | 110001-120000 | 7500 |
| 4 | 120001-130000 | 9000 |
| 5 | 130001-140000 | 10500 |
| 6 | 140001-150000 | 12500 |
| 7 | 150001-160000 | 14750 |
| 8 | 160001-170000 | 16750 |
| 9 | 170001-180000 | 19250 |
| 10 | 180001-190000 | 21720 |
| 11 | 190001-200000 | 24360 |
| 12 | 200001-210000 | 27250 |
| 13 | 210001-220000 | 31750 |
| 14 | 220001-230000 | 33500 |
| 15 | 230001-250000 | 39600 |
| 16 | 250001-275000 | 47500 |
| 17 | 275001-300000 | 55250 |
| 18 | 300000-325000 | 63000 |
| 19 | 325000 **മുകളിൽ** | 71000 |

**ഡോ.ബിസ്മി ഗോപാലകൃഷ്ണൻ**
രജിസ്ട്രാർ

സ്വീകർത്താവ്

എല്ലാ സ്ഥിര അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരും

Draft #23 of File 38100/FC C-5/2022/FCC S Approved by Registrar on 07-Mar-2025 02:13 AM - Page 2